# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2126**

**22.01.2014 -ലെ മറുപടിക്ക്**

**മാടായി, മാട്ടൂൽ പ്രദേശങ്ങളിൽ അനധികൃത പൂഴി മണൽ ഖനനം**

**ചോദ്യം**

**ശ്രീ. റ്റി.വി. രാജേഷ്**

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പ്രദേശങ്ങളിൽ നടക്കുന്ന അനധികൃത പൂഴി മണൽ ഖനനം തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പ്രദേശങ്ങളിലെ അനധികൃത മണൽ ഖനനം തടയുന്നതിനു ഈ സർക്കാർ അധികാരമേറ്റ ശേഷം പോലീസ് കർശന നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. 2013 ഡിസംബർ 31 വരെ പഴയങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ മണൽ ഖനനത്തിനും മണൽ കടത്തിനുമെതിരായി 138 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ മാടായി, മാട്ടൂൽ ഭാഗങ്ങളിലെ വിവിധ കടവുകളിൽ അനധികൃതമായി ശേഖരിച്ചവച്ച മണൽ റെയ്ഡ് നടത്തി പിടിച്ചെടുത്ത് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്. 2013 വർഷത്തിൽ മാത്രം ഇത്തരത്തിൽ 5140 ഘന അടിയോളം മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്.

മാടായി അംശം നീരൊഴുക്കുംചാൽ കടപ്പുറത്ത് നിന്നും സ്ത്രീകൾ തലച്ചുമടായി മണൽ കടത്തുന്നു എന്ന പരാതിയെ തുടർന്ന് പ്രസ്തുത സ്ഥലത്ത് പോലീസ് 24 മണിക്കൂർ പിക്കറ്റ് പോസ്റ്റും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മണൽ കടത്തുന്നത് തടയാൻ ശക്തമായ വാഹന പരിശോധനയും നടത്തി വരുന്നുണ്ട്. പോലീസ് നടപടി ശക്തമാക്കിയതിനെ തുടർന്ന് ഇപ്പോൾ അനധികൃത മണൽ കടത്തുകൾ ഗണ്യമായി കുറഞ്ഞുവന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ